**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 302** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന PMGSY പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോണി. കെ. ബേബി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ഉൾപ്പെടുന്നതും പ്രവൃത്തി പൂർത്തീകരിക്കാനാകാതെ മുടങ്ങിക്കിടക്കുന്നതുമായ പി.എം.ജി.എസ്.വൈ പ്രവൃത്തികൾ ഏതെല്ലാം;ഓരോ പ്രവൃത്തിയും മുടങ്ങിയതിനുള്ള കാരണം വിശദമാക്കുമോ?

**<u>മറുപടി:</u>** പാക്കേജ് നമ്പർ കെ.ആർ 07-71, കടയനിക്കാട്-ചാമംപതാൽ - കൊന്നേക്കടവ് - ഉള്ളയം റോഡ്, പാക്കേജ് നമ്പർ കെ.ആർ 07-75 , പതിനഞ്ചാം മൈൽ - കെ.കെ.റോഡ് - അരുവിക്കുഴി റോഡ് എന്നിവയാണ് കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പ്രവൃത്തി പൂർത്തീകരിക്കാനാകാതെ മുടങ്ങിക്കിടക്കുന്ന പി.എം.ജി.എസ്.വൈ പ്രവൃത്തികൾ. ഇതിൽ പാക്കേജ് നമ്പർ കെ.ആർ 07-71 , 18/04/2022 ൽ കരാറുകാരന് കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല. റോഡിൽ ക്രഷറുള്ളതിനാൽ റോഡിന്റെ ട്രാഫിക് കാറ്റഗറി കൂടുതലാണെന്നും, മെക്കാനിക്കൽ സർഫസ് ഡ്രസിംഗ് സാധ്യമല്ല എന്നും കരാറുകാരൻ പരാതി ഉന്നയിച്ചു. അന്വേഷണത്തിൽ വർഷങ്ങളായി , പ്രവർത്തന രഹിതമായിരുന്ന ക്രഷർ പ്രവർത്തനം ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് NATPAC മുഖേന ട്രാഫിക് സർവെ നടത്തുകയും വിഭാവനം ചെയ്തതിനേക്കാൾ ട്രാഫിക് കൂടുതലായി കണ്ടെത്തിയതിനാൽ Mechanical Surface Dressing സാധ്യമല്ല എന്ന് കണ്ടെത്തി കരാർ റദ്ദ് ചെയ്ത് fore closure എഗ്രിമെന്റ് വച്ചിട്ടുണ്ട്.

പാക്കേജ് നമ്പർ കെ.ആർ 07-75 പ്രവൃത്തി 18-04-2022 ൽ കരാറുകാരന് കൈമാറി. ജൽ ജീവൻ മിഷന്റെ (JJM) പൈപ്പ് ഇടുന്ന പ്രവൃത്തികൾ ടി റോഡിൽ ഉണ്ടെന്ന് കേരള വാട്ടർ അതോറിറ്റി രേഖാമൂലം അറിയിച്ചതിനെ തുടർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും

ചെയ്തിരുന്നു. ചെയ്നേജ് 0/700 മുതൽ 5/130 വരെയുള്ള ഭാഗങ്ങളിൽ റിസ്റ്റോറേഷൻ ചാർജായ ₹93,52,692/-രൂപ അടച്ച് എഗ്രിമെന്റ് വച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുടർന്ന് Mechanical Surface Dressing ചെയ്യുന്നതിനുള്ള മെഷിനറി ലഭ്യമല്ലാത്തതിനാലും JJM പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലും കരാർ നഷ്ടോത്തരവാദിത്വമില്ലാതെ ഒഴിവാക്കുന്നതിന് കരാറുകാരൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**